E-231679







From


ജോയി ജേക്കബ്
ഷൈസ് വില്ല
ഹൗസ് നമ്പർ 401(11/1326)
തൃപ്പൂണിത്തുറ മെയിൻ റോഡ്
എറണാകുളം - 682301
മൊബൈൽ നം: 9645857125


To

The Directorate of Social Justice
(സ്റ്റേറ്റ് ലെവൽ കോഓർഡിനേഷൻ കമ്മിറ്റി- നാഷണൽ ട്രസ്റ്റ് ആക്ട്)
വികാസ് ഭവൻ, തിരുവനന്തപുരം -695033

വിഷയം: വിവരാവകാശ നിയമം 2005 പ്രകാരം മറുപടി ലഭിക്കുന്നതിനുവേണ്ടിയുള്ള അപേക്ഷ

സർ,

1. നാഷണൽ ട്രസ്റ്റ് ആക്ടിൽ പരാമർശിക്കുന്ന വ്യക്തികളുടെ പേരിലുള്ള ഭൂമി അവരുടെ സമ്മതമില്ലാതെ (മൾട്ടിപ്പിൾ ഡിസൈബിൾഡ് വ്യക്തി - ഓർമ്മക്കുറവും കയ്യും കാലും തളർന്ന് കിടക്കുന്ന ആളുമാണ്.) ഈ നിയമത്തിൽ പറയുന്ന നടപടി ക്രമങ്ങൾ ഒന്നും പാലിക്കാതെ നിയമവിരുദ്ധമായി ആധാരം രജിസ്റ്റർ ചെയ്താൽ ഉള്ള ശിക്ഷ എന്താണ്?

2. ആധാരം രജിസ്റ്റർ ചെയ്യുമ്പോൾ, രജിസ്റ്റർ ചെയ്യപ്പെടുന്ന ഭൂമി നാഷണൽ ട്രസ്റ്റ് ആക്ടിന്റെ പരിധിയിലുള്ള വ്യക്തിക്ക് അവകാശപ്പെട്ടതല്ലയെന്ന് എഴുതുന്ന സത്യപ്രസ്താവന മനഃപൂർവ്വം ഒഴിവാക്കി ആധാരം ചെയ്താലുള്ള ശിക്ഷ എന്താണ്? മനഃപൂർവ്വം ഈ വാചകം ആധാരത്തിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതാണ്. (ഈ വാചകം- ഈ ആധാരം രജിസ്റ്റർ ചെയ്യപ്പെടുന്ന ഭൂമി നാഷണൽ ട്രസ്റ്റ് ആക്ടിൽ പരാമർശിക്കുന്ന വൈകല്യമുള്ള വ്യക്തിക്ക് അവകാശപ്പെട്ട ഭൂമി ഉൾപ്പെടുന്നില്ലെന്നും ഈ ആധാരം മൂലം വൈകല്യമുള്ളവരുടെ താൽപര്യങ്ങൾ ലംഘിക്കപ്പെടുകയോ ഹനിക്കപ്പെടുകയോ ചെയ്യുന്നില്ലായെന്നും ഞാൻ ഇതിനാൽ ബോധ്യപ്പെടുത്തി കൊള്ളുന്നു.) ഈ സത്യപ്രസ്താവന മനഃപൂർവ്വം ആധാരത്തിൽ നിന്നും ഒഴിവാക്കിയാലുള്ള ശിക്ഷ എന്താണ്?

3. ഭൂമിയുടെ ഉടമസ്ഥൻ നാഷണൽ ട്രസ്റ്റിന്റെ പരിധിയിൽ വരുന്ന വ്യക്തിയാണെങ്കിൽ (വസ്തു നാഷണൽ ട്രസ്റ്റ് ആക്ടിന്റെ പരിധിയിൽ വരുന്ന വ്യക്തിയുടെ വസ്തുവാണ് - ഇയാള് ഓർമ്മയില്ലാതെ കയ്യും കാലും തളർന്ന് കിടക്കുന്ന ആളാണ്) ഈ അവസരത്തിൽ ആരാണ് ഈ സത്യപ്രസ്താവന നടത്തേണ്ടത്?

4. മുകളിൽ പറഞ്ഞ നാഷണൽ ട്രസ്റ്റ് ആക്ടിന്റെ ഈ സത്യപ്രസ്താവന ആധാരത്തിൽ നടത്തിയിട്ടുണ്ടോയെന്ന ഉറപ്പ് വരുത്തേണ്ടത് ആരുടെ ജോലിയാണ് - ആധാരം എഴുത്തുകാരന്റെയോ, സബ് രജിസ്ട്രാറുടെയോ?

5. നാഷണൽ ട്രസ്റ്റ് ആക്ടിന്റെ പരിധിയിൽ വരുന്ന വ്യക്തിയുടെ വസ്തുവാണോ ആധാരം ചെയ്യുന്ന വസ്തു എന്ന് പരിശോധിക്കേണ്ടത് ആരുടെ ജോലിയാണ്? ആധാരം എഴുത്തുകാരന്റെയോ, സബ് രജിസ്ട്രാറുടെയോ?

6. നാഷണൽ ട്രസ്റ്റ് ആക്ടിന്റെ പരിധിയിൽ വരുന്ന വ്യക്തിയുടെ വസ്തു ആധാരം ചെയ്യുമ്പോൾ നാഷണൽ ട്രസ്റ്റ് ആക്ടിൽ പറയുന്ന നിയമപരമായ നടപടിക്രമങ്ങൾ പാലിച്ചാണോ വസ്തു ആധാരം ചെയ്യുന്നതെന്ന് പരിശോധിക്കേണ്ടത് ആരാണ്? (ഈ നിയമത്തിൽ പറയുന്ന നടപടിക്രമങ്ങൾ ഒന്നും പാലിക്കാതെ വസ്തു ആധാരം ചെയ്താൽ ആരാണ് കുറ്റവാളി.)

മുകളിൽ പറഞ്ഞിട്ടുള്ള അപേക്ഷയിൻമേൽ മറുപടി തരണമെന്ന് അപേക്ഷിക്കുന്നു.

എന്ന്,

Date: 3/11/22

ജോയി ജേക്കബ്